**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**ഉപ.സി.3/ 162 / 2024 /പി.&എ.ആർ.ഡി** **തിരുവനന്തപുരം, തീയതി : 22-08-2024**

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- സർക്കാരിന്റെ ഭാഗത്തു നിന്ന് ബഹു.കോടതികളിലും ട്രിബ്യൂണലുകളിലും സത്യവാങ്മൂലം ഫയൽ ചെയ്യുമ്പോൾ ശ്രദ്ധ പുലർത്തേണ്ടത് സംബന്ധിച്ചും, പി.എസ്.സി യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് എന്നത് ഉറപ്പുവരുത്തുന്നത് സംബന്ധിച്ചും വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച് :-

സർക്കാർ കക്ഷിയാകുന്ന കേസുകളിൽ കോടതികളിലും ട്രിബ്യൂണലുകളിലും സർക്കാരിന് വേണ്ടി ഫയൽ ചെയ്യുന്ന സ്റ്റേറ്റ്മെന്റ്/ സത്യവാങ്മൂലം എന്നിവയിൽ വസ്തുതകൾ പൂർണ്ണമായും ഉൾക്കൊള്ളിക്കുന്നതിലും ടി വസ്തുതകൾ കോടതികളുടെയും ട്രിബ്യൂണലുകളുടെയും മുന്നിൽ ശരിയായ വിധത്തിൽ അവതരിപ്പിക്കുന്നതിലും വകുപ്പുകളുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കാരണത്താൽ കോടതികളുടെയും ട്രിബ്യൂണലുകളുടെയും വിധിന്യായങ്ങൾ പലപ്പോഴും നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും എതിരാകുന്നു. ആയത് വ്യവസ്ഥകളെയും ചട്ടങ്ങളെയും മറികടന്നുകൊണ്ട് ഹർജിക്കാരുടെ ആവശ്യങ്ങൾ അനുവദിച്ചു നൽകേണ്ടതുമായ സാഹചര്യത്തിലേക്ക് സർക്കാരിനെ നയിക്കുന്നു. വ്യക്തി താത്പര്യങ്ങൾക്കായി പൊതുചട്ടങ്ങളിൽ/ വ്യവസ്ഥകളിൽ ഇളവുകൾ അനുവദിച്ചു നൽകുന്ന സാഹചര്യം ഗൗരവമായി തന്നെ സർക്കാർ കാണുന്നു.

2) കൂടാതെ, വിവിധ വകുപ്പുകളിൽ നിന്ന് പബ്ലിക് സർവീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകളും മാനദണ്ഡങ്ങളും നിലവിലുണ്ടെങ്കിലും പല വകുപ്പ് മേധാവികളും അത് കർശനമായി പാലിക്കാത്തത് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദ് ചെയ്യുന്നതിനോ കുറവ് വരുത്തുന്നതിനോ കാരണമാകുന്നു. അത് തർക്കങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടയാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) മേൽ വിവരിച്ച സാഹചര്യത്തിൽ എല്ലാ ഭരണവകുപ്പുകളും വകുപ്പ് മേധാവികളും ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

- **സർക്കാരിന്റെ ഭാഗത്തു നിന്നും ബഹു.കോടതികളിലും ട്രിബ്യൂണലുകളിലും സത്യവാങ്മൂലം ഫയൽ ചെയ്യുമ്പോൾ വസ്തുതകൾ ശരിയായ രീതിയിൽ ഉൾക്കൊള്ളിക്കുന്നതിലും അക്കാര്യം ബന്ധപ്പെട്ട കോടതികളുടെയും**

ട്രിബ്യൂണലുകളുടെയും മുമ്പാകെ അവതരിപ്പിക്കുന്നതിലും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

- പി.എസ്.സി യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4) മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നില്ല എന്ന് അതത് ഭരണവകുപ്പ് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

**പുനീത് കുമാർ ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും. (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും
(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും/ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ(എസ്.സി) വകുപ്പ്
എല്ലാ പൊതുമേഖലാ / സഹകരണ സ്ഥാപന മേധാവികൾക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**

മേലെഴുത്ത് കത്ത് നം : DHS/19673/2024-OM5, തീയതി , തിരുവനന്തപുരം 27/08/2024

**സർക്കാർ സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി നൽകുന്നു.**

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്- ജില്ലാ മെഡിക്കൽ ഓഫീസർമാർ, ബന്ധപ്പെട്ട സെക്ഷനുകൾ, വെബ്സൈറ്റ്